# ഗവ.എൽ.പി.സ്കൂൾ വെങ്ങാനൂർ
# മുടിപ്പുരനട,

ഉപജില്ല: ബാലരാമപുരം,
വിദ്യാഭ്യാസ ജില്ല: നെയ്യാറ്റിൻകര
ജില്ല: തിരുവനന്തപുരം

സമഗ്ര ഗുണമേന്മ വർഷം
2025-26

ഓരോ കുട്ടിയും മികവിലേക്ക്

# സമന്വയം

## അക്കാദമിക മാസ്റ്റർ പ്ലാൻ



# ഉള്ളടക്കം


| | പേജ് നം. |
|---|---|
| ആമുഖം | |
| സ്കൂളിന്റെ ചരിത്രം | |
| കുട്ടികളുടെ വിവരങ്ങൾ | |
| അധ്യാപകരുടെ എണ്ണം | |
| നേട്ടങ്ങൾ | |
| വെല്ലുവിളികൾ | |
| കാഴ്ചപ്പാട് | |
| പൊതുലക്ഷ്യങ്ങൾ | |
| അക്കാദമിക പ്ലാൻ - മലയാളം | |
| അക്കാദമിക പ്ലാൻ - ഇംഗ്ലീഷ് | |
| അക്കാദമിക പ്ലാൻ - ഗണിതം | |
| അക്കാദമിക പ്ലാൻ - പരിസരപഠനം | |
| അക്കാദമിക പ്ലാൻ - കലാപഠനം | |
| അക്കാദമിക പ്ലാൻ - പ്രവൃത്തി പരിചയം | |
| അക്കാദമിക പ്ലാൻ - കായികപഠനം | |
| ഭൗതികസാഹചര്യങ്ങൾ | |
| ഉപസംഹാരം | |

# ആമുഖം

പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയിലൂന്നി വിദ്യാഭ്യാസ രംഗത്തെ തുല്യത, ഗുണിത എന്നിവ ഉറപ്പാക്കാൻ കഴിയുന്ന വിധം സ്കൂൾ പ്രവർത്തനങ്ങളെയും പഠന പരിസരത്തെയും മാറ്റിയെടുക്കൽ, ഈ വെല്ലു വിളി ഏറ്റുടുക്കുന്നതിന് അധ്യാപക സമൂഹത്തെ പ്രാപ്തരാക്കൽ, ഗുണമേന്മാ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് വർദ്ധിപ്പിക്കൽ, സ്കൂൾ പരിസരം ഒരു പാഠ പുസ്തകമാക്കി മാറ്റി സ്വാഭാവിക പഠനാന്തരീക്ഷം സൃഷ്ടിച്ച് ചുറ്റുപാടുമു ള്ള കുട്ടികളെ നമ്മുടെ വിദ്യാലയത്തിലേക്ക് എത്തിക്കുക, പ്രത്യക പരിഗണ അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് ഉൾപ്പെടെ ശാസ്ത്ര സാങ്കേതിക വിദ്യകൾ ഫലപ്രദമായി പ്രയോജനപ്പെടുത്തി എല്ലാ കുട്ടികൾക്കും പഠനത്തിനും ശേഷി വികാസത്തിനും തുല്യ അവസരങ്ങൾ സൃഷ്ടിക്കുക, ഹരിത പെരുമാറ്റ ച്ചട്ടം പാലിച്ച് മാലിന്യ മുക്ത വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കുക, ലഹ രിക്കെതിരെ മറ്റ് ചൂഷണങ്ങൾക്കെതിരെയും പ്രവർത്തിക്കുന്ന സാമൂഹിക അവബോധമുള്ള വിദ്യാർത്ഥി സമൂഹം വാർത്തെടുക്കുക. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകി 'വിദ്യാലയം ഒരു പാഠ പുസ്തകം' എന്ന ആശയത്തെ മുൻനിർത്തി അറിവുനിർമാണ ഇടമായി നമ്മുടെ വിദ്യാല യത്തെ വളർത്തുക എന്ന ലക്ഷ്യത്തോടെ നമ്മുടെ വിദ്യാലയത്തിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

# സ്കൂൾ ചരിത്രം

വെങ്ങാനൂർ ശ്രീ നീലകേശി മുടിപ്പുര ക്ഷേത്രത്തിന്റെ തിരു മുറ്റത്ത് 105 വർഷങ്ങൾക്കു മുൻപ് ക്രി. വർഷം 1916-ൽ യശശരീര നായ ശ്രീ. എൻ.വിക്രമൻപിള്ളയായിരുന്നുമുടിപ്പുരനടഎൽ.പി.എസ്. വെങ്ങാനൂർ എന്ന ഈ സ്കൂൾ സ്ഥാപിച്ചത്. വെങ്ങാനൂരിന്റെ വിദ്യാഭ്യാസ മേഖലയിലെ ആദ്യ സ്ഫുരണമായിരുന്നു മുടിപ്പുരനട സ്കൂൾ.

1946-47 കാലഘട്ടത്തിൽ സർ. സി.പി. രാമസ്വാമി അയ്യർ നടപ്പി ലാക്കിയ ഒരു ഭരണപരിഷ്കാരത്തിന്റെ പേരിൽ അന്നത്തെ നാണയ മായ 'ഒരു ചക്രം' പ്രതിഫലം പറ്റിക്കൊണ്ട് ശ്രീ. എൻ. വിക്രമൻപിള്ള സ്കൂൾ സർക്കാരിനു വിട്ടുകൊടുത്തു. അതിനുശേഷം വളരെ മികച്ച രീതിയിൽ പ്രവർത്തിച്ചു വരുന്ന ഒരു സ്കൂളാണിത്. ഓരോ വർഷവും ഇവിടെ കുട്ടികളുടെ എണ്ണം വർദ്ധിച്ചു വരുന്നു. ശതാബ്ദി ആഘോഷം നടന്ന വർഷം (2016-17) ഈ സ്കൂളിൽ ഒരു പുതിയ ഇരുനിലകെട്ടിടം ബഹു. മുൻ എം.എൽ.എ. ശ്രീമതി. ജമീല പ്രകാശത്തിന്റെ പ്രാദേശിക വികസനഫണ്ട് അനുവദിച്ച് പണി പൂർത്തിയാക്കി ഇപ്പോൾ ഈ പുതിയ കെട്ടിടത്തിലാണ് ക്ലാസുകൾ നടക്കുന്നത്. മിക്കവാറും ഭൗതിക സാഹചര്യങ്ങൾ ഉള്ള ഈ സ്കൂളീൽ പ്രഥമാ ധ്യാപിക ഉൾപ്പെടെ 9 അധ്യാപകരും ഒരു PTCമീനിയൽ സ്റ്റാഫും പ്രീ പ്രൈമറി വിഭാഗത്തിൽ 2 അധ്യാപികമാരും ഒരു ആയയും ജോലി ചെയ്യുന്നു. കൂടാതെ ഉച്ചഭക്ഷണം പാചകം ചെയ്യുന്ന ഒരു പാചക ത്തൊഴിലാളിയും ഉണ്ട്.

# പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടുന്ന പഠനശേഷി കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങൾ
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകൾ എഴുതാനും വായി ക്കാനുമുള്ള കഴിവ്, ചതുഷ് ക്രിയകൾ തെറ്റുകൂടാതെ ചെയ്യുന്നതിനുള്ള കഴിവ് എന്നിവ ഉറപ്പ് വരുത്തുക.
- ഓരോ മാസവും വിവിധ വിഷയങ്ങളിലെ കുട്ടികളുടെ പഠനനിലവാരം രക്ഷിതാക്കളെ അറിയിക്കുക.
- ആശയ പ്രകടനശേഷി വർധിപ്പിക്കാൻ സഹായകരമായ രീതിയിൽ വിദ്യാലയ പ്രവവർത്തനങ്ങൾ സംഘടിപ്പിക്കുക.
- മാലിന്യ മുക്ത വിദ്യാലയം, ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, മാലിന്യ നിർമാർജ്ജനം എന്നിവ കൃത്യമായി നടപ്പിലാക്കൽ
- ലാബ്, ലൈബ്രറി എന്നിവയുടെ നവീകരണവും ഫലപ്രദമായ ഉപയോഗവും
- കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലി ക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ
- വിവരസംങ്കേതിക വിദ്യയുടെ മികച്ച വിനിയോഗം
- മൊബൈൽ അഡിഷനെതിരെയുള്ള മുൻകരുതൽ, ലഹരി ഉപയോഗ വിഷയങ്ങളുമായി ബന്ധപ്പെട്ട ബോധവത്കരണം
- മികച്ച ആരോഗ്യ കായിക വിദ്യാഭ്യാസം ഉറപ്പാക്കൽ.

# നേട്ടങ്ങൾ

- പാഠ്യപഠ്യേതര പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ എന്നിവ മികവുറ്റ രീതിയിൽ നടപ്പിലാക്കുന്നു.
- സർഗ്ഗാത്മ വേദികൾ, ആശയപ്രകടനവേദികൾ പ്രോത്സാഹിപ്പിക്കുന്നു .
- കലാപഠനം, പ്രവൃത്തി പരിചയം, കായിക പഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം.
- ജൈവ വൈവിദ്യ ഉദ്യാന പ്രവർത്തനങ്ങൾ
- മികച്ച ഹരിത വിദ്യാലയത്തിനുള്ള ഹരിതം, ജില്ലാതല പുരസ്കാരം.
- ആരോഗ്യകരമായ ജീവിതശൈലി എന്ന തീമിനെ അടിസ്ഥാനമാക്കി സംസ്ഥാന സർക്കാരിന്റെ പുരസ്കാരം.
- 24-2025 അധ്യയന വർഷത്തെ എൽ എസ് എസ് പരീക്ഷയിൽ മികച്ച വിജയം
- സ്കൂൾ കലോത്സവവേദിയിൽ തുടർച്ചയായി 4-ാം മതും ഒന്നാം സ്ഥാനം
- റിഥം റേഡിയോ പ്രവർത്തനം 7 -ാം വർഷത്തിലേക്ക്

# പരിമിതികൾ

- മുഴുവൻ കുട്ടികൾക്കു ഭാഷാശേഷി, ഗണിത ശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.
- കുട്ടികളുടെ എണ്ണത്തിന് അനുസരിച്ചുള്ള കമ്പ്യൂട്ടർ കുറവ്, സ്മാർട്ട് ക്ലാസ്റൂമിന്റെ അഭാവം.
- ലാബ് പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്.
- മികച്ച കായിക വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് കളിസ്ഥലത്തിന്റെയും കളിയുപകരണങ്ങളുടെയും അപര്യാപ്തത.
- കുടിവെള്ളക്ഷാമം

# ലക്ഷ്യങ്ങൾ

- എല്ലാവർക്കും എഴുത്തും വായനയും
- വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ
- എല്ലാവർക്കും ഗ്രന്ഥശാല അംഗത്വം
- അമ്മ വായന
- ക്ലാസ് സഭ, സ്കൂൾ സഭ, ബാല സഭ
- മലയാളത്തിലെ വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ
- ആസ്വാദ്യകരമായ വായനയിൽ വൈദഗ്ദ്ധ്യം നേടുക.
- വായനാ സാമഗ്രികൾ കണ്ടെത്തുക, വികസിപ്പിക്കുക.
- വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക.
- എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുക.
- സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം എന്നിവ സംഘടിപ്പിക്കൽ
- ഭാഷയുമായി ബന്ധപ്പെട്ട CD, ICT സാധ്യത എന്നിവ സജ്ജീകരിക്കൽ
- ഭാഷാപരമായി കുട്ടികൾ നേടിയ കഴിവുകൾ പൊതുജനങ്ങളെ ബോധ്യപ്പെടുത്തൽ
- ഡിജിറ്റൽ ലൈബ്രറി, ക്ലാസ് ലൈബ്രറി, ടീച്ചേഴ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി, മദേഴ്സ് ലൈബ്രറി എന്നിവ സജീവമാക്കുക.

- വിവിധ തരം ഗെയിമുകളിലൂടെ സന്ദർഭവിഷ്കാരണം.
- പരിചിതമായ പാട്ടുകൾക്ക് അനുയോജ്യമായ താളം നൽകിയും ഭാവാത്മകമായും അവതരിപ്പിക്കുക.
- കേട്ട കഥകൾ ആശ്രയക്രമീകരണം പാലിച്ച് ഭാവാത്മകമായി അവതരിപ്പിക്കുക.
- പാട്ടിനും ആശയത്തിനും അനുസൃതമായി രംഗാവിഷ്കാരം നടത്തുക.

# അക്കാദമിക പ്ലാൻ - മലയാളം

| Sl. No. | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) | • Pre-test<br>• അക്ഷരം ഉറപ്പിക്കൽ<br>• അടയാളം ഉറപ്പിക്കൽ<br>• അക്ഷരകാർഡ് നൽകൽ<br>• വാക്കുകൾ എഴുതിയ കാർഡ്<br>• വാക്കുകൾ നിർമ്മിക്കുക<br>• വാക്യങ്ങൾ നിർമ്മിക്കൽ<br>• ചിത്രം-അടിക്കുറിപ്പ്<br>• ചിത്രം-കഥപറയൽ<br>• കഥ - ബാക്കി എഴുതൽ<br>• കഥാപുസ്തകം നൽകൽ<br>• CD ൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>• ഭാഷാപരമായ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | 2 Months | പുസ്തകങ്ങൾ<br><br>C.D | BRC<br>DIET<br>SCERT<br>P.T.A<br><br>BRC<br>IED<br>Trainer<br>PTA |

| Sl. No. | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 2. | കുട്ടിയെ മികച്ച വായനക്കാര നാക്കുക | • ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>• വായനമൂല, ക്ലാസ് ലൈബ്രറി രൂപീകരി ക്കൽ<br>• സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>• സമീപ ഗ്രന്ഥശാല അംഗത്വം<br>• വായനോത്സവം സംഘടിപ്പിക്കൽ<br>• പത്ര വായന<br>• അമ്മ വായന<br>• പുസ്തക ചർച്ച<br>• വായനാനുഭവം പങ്കുവയ്ക്കൽ<br>• വായനാക്കുറിപ്പ് പതിപ്പ്<br>• വിദ്യാരംഗം കലാ സാഹിത്യ വേദി പ്രവർത്തനം ക്ലാസ് സഭ<br>• സ്കൂൾ സഭ, ബാല സഭ<br>• ദിനാചരണങ്ങൾ<br>• ആകാശവാണി ക്ലബ്<br>• വായന സാമഗ്രികൾ വികസിപ്പിക്കൽ<br>• സാഹിത്യകാരന്മാരു മായുള്ള അഭിമുഖം<br>• ഇ-വായന<br>• ആസ്വാദ്യകരമായ വായന<br>• വായനക്കൂട്ടം - മോണിറ്ററിംഗ്<br>• കാവ്യക്കൂട്ടം | 6 Months | ക്ലാസ് ലൈബ്രറി<br><br>സ്കൂൾ ലൈബ്രറി<br><br>ഗ്രന്ഥ ശാല<br><br>പത്രം<br><br>വായനാ മുറി<br><br>ഇന്റർനെറ്റ് കമ്പ്യൂട്ടർ | BRC<br><br>DIET<br><br>SCERT<br><br>ഗ്രന്ഥ ശാല<br><br>PTA<br><br>BRC |

| Sl. No. | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 3. | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക (എഴുത്തുക്കൂട്ടം) | • എഴുത്തുകൂട്ട രൂപീകരണം<br>• പുസ്തക ചർച്ച<br>• ക്ലാസ് ലൈബ്രറി<br>• വായനക്കുറിപ്പ് പതിപ്പ്<br>• സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ്<br>• വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>• മാഗസിൻ, ചുമർ പത്രിക പതിപ്പ്<br>• വ്യക്തിഗത രചന<br>• ഭാഷാ പ്രോജക്ട്<br>• സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>• രചയിതാക്കളെ പരിചയപ്പെടൽ<br>• സാഹിത്യ സാംസ്ക്കാരിക ചിത്ര ഗ്യാലറി | 6 Months<br><br>Auditorium | ഗ്രന്ഥശാല<br>ജീവചരിത്ര പുസ്തകങ്ങൾ<br>ഫോട്ടോകൾ<br>പുസ്തകങ്ങൾ | BRC<br>DIET<br><br>SCERT<br>P.T.A<br><br>BRC<br><br>ജനപ്രതിനിധി<br>PTA<br>Teachers |

| SL No. | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | പാട്ടരങ്ങ് | കുട്ടിക്കവിതകൾ ഈണം കണ്ടെത്തൽ, താളാത്മകതയോടെ അവതരണം | | വാദ്യോപകരണങ്ങൾ | Teachers |
| 2. | കാവ്യകേളി | കവിതകൾ ഉൾപ്പെടുത്തി | | ഗ്രന്ഥശാല | Teachers |
| 3. | സംയുക്ത ഡയറി | 1, 2 ക്ലാസുകളിലെ രക്ഷിതാവിന്റെ സഹായത്തോടെ ഡയറി എഴുത്ത് | July-March | | Teachers |
| 4. | സർഗാത്മക ഡയറി | 3 , 4 ക്ലാസുകളിൽ സർഗാത്മകതയുടെ ഡയറി എഴുത്ത് | June-March | | |
| 5. | റീഡേഴ്സ് തീയേറ്റർ | ശ്രവ്യവായന ഭാവാത്മക വായന | June-March | | |
| 6. | രചനാപരിചയക്കുറിപ്പ് | പുസ്തകങ്ങൾ നൽകി കുറിപ്പ് എഴുത്ത് | June-March | ഗ്രന്ഥശാല | |
| 7. | വായനക്കൂട് ഒരുക്കൽ | വായനക്കാർഡ് പുസ്തകങ്ങൾ | June-July | | |
| 8. | തീയേറ്റർ ഗെയിമുകൾ | പുസ്തകങ്ങൾ നൽകി | June-March | | |

# പ്രവർത്തനങ്ങൾ

## 1. പിന്നോക്കക്കാരെ മുന്നോക്കക്കാരാക്കുക

പ്രീ ടെസ്റ്റ് നടത്തി കണ്ടെത്തിയ പിന്നോക്കം നിൽക്കുന്നവരെ മലയാളത്തിലുക്കം, മറ്റ് അനുയോജ്യമായ പ്രവർത്തനങ്ങൾ നൽകി മുന്നോക്കക്കാരാക്കുക.

## 2. ഭിന്നശേഷിക്കാരെ പരിഗണിക്കൽ

ഭിന്നശേഷിക്കാർക്ക് വേണ്ടി പ്രത്യേക പ്രവർത്തന പാക്കേജ് തയ്യാറാക്കുക. അക്ഷരകാർഡുകൾ, പദകാർഡുകൾ, ICJ സാധ്യതകൾ എന്നിവയിലൂടെ ഭിന്നശേഷിക്കാരെയും പരിഗണിക്കുന്നു.

## 3. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ

ക്ലാസിലെ മുഴുവൻ കുട്ടികളെയും 5 പേർ അടങ്ങുന്ന ഗ്രൂപ്പാക്കുന്നു. എത്ര പുസ്തകം വായിക്കാം മത്സരം സംഘടിപ്പിക്കുന്നു. വായനാക്കുറിപ്പ് ബാലസഭ, അസംബ്ലി എന്നിവയിൽ അവതരിപ്പിക്കാൻ അവസരം നൽകുക.

## 4. സ്കൂൾ ലൈബ്രറി നവീകരണം

പുസ്തക വിതരണ രജിസ്റ്റർ, കുട്ടി ലൈബ്രറിയൻ, പുസ്തകങ്ങൾ വിവിധ തലക്കെട്ടോടെയുള്ള ക്രമീകരണം, ബർത്ത്ഡേയ്ക്ക് പുസ്തകശേഖരണം. പുതുമയും കുട്ടികളെ ആകർഷിക്കുന്ന തരത്തിലുള്ള ക്രമീകരണവും സമൂഹത്തിൽ നിന്നും പുസ്തകങ്ങൾ ശേഖരിച്ച് ലൈബ്രറി വിപുലീകരിക്കുക.

## 5. സമീപഗ്രന്ഥശാല അംഗത്വം

സമീപ പ്രദേശത്തുള്ള ഗ്രന്ഥശാലയിൽ കുട്ടിക്ക് അംഗത്വം എടുക്കുക, വായന, എഴുത്ത് പ്രോത്സാഹിപ്പിക്കുക, വായനോത്സവം

സംഘടിപ്പിക്കുക, സമൂഹവുമായി ചേർന്ന് നിന്ന് ചൊൽകാഴ്ച, നാടകങ്ങൾ, രംഗാവിഷ്ക്കാരം എന്നിവ നടത്തുക.

6. **പത്രവായന**

വിവിധ പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കൽ, പത്ര ക്വിസ്, വാർത്ത തയ്യാറാക്കൽ, പുതിയ അിറവ് കണ്ടെത്തൽ, പത്രം തയ്യാറാക്കൽ, സ്കൂൾ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് രസകരമായ രീതിയിൽ പത്രം തയ്യാറാക്കൽ.

7. **വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം**

വായന, എഴുത്ത് ഇവ മെച്ചപ്പെടുത്താൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ സ്വന്തം സൃഷ്ടികൾ പരിചയപ്പെടുത്താൻ അവസരം, വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ, രചയിതാക്കളെ പരിചയപ്പെടൽ, ദിനാചരണവുമായി ബന്ധപ്പെട്ട് സാഹിത്യകാരന്മാരുടെ ചിത്രം, ഡോക്യുമെന്ററി പ്രദർശനം.

8. **ഇ - വായന - സാധ്യത കണ്ടെത്തൽ**

വിക്കീപിഡിയ പരിചയപ്പെടുത്തൽ, വായനാക്കൂട്ടത്തിന്റെയും എഴുത്ത് കൂട്ടത്തിന്റേയും നേതൃത്വത്തിൽ ബ്ലോഗ് രൂപീകരണം വിവിധ കൃതികൾ, കവിത എന്നിവ വീഡിയോ കാണൽ.

9. **ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനങ്ങൾ**

BRC, IED Teachersഎന്നിവരുടെ സഹായത്തോടെ ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനം ആസൂത്രണം, നടപ്പിലാക്കൽ, പ്രഗത്ഭരുടെ സേവനം ഉപയോഗിക്കൽ.

10. **പാട്ടരങ്ങ്**

ഒന്ന്, രണ്ട് ക്ലാസുകളിൽ വിവിധ കുട്ടിക്കവിതകൾ ഉൾപ്പെടുത്തി താളം,ഈണം എന്നിവ കണ്ടെത്തി എല്ലാ കുട്ടികളേയും പങ്കെടുപ്പിച്ചുകൊണ്ട് നടത്തുന്നു.

സംഘടിപ്പിക്കുക, സമൂഹവുമായി ചേർന്ന് നിന്ന് ചൊൽകാഴ്ച, നാടകങ്ങൾ, രംഗാവിഷ്ക്കാരം എന്നിവ നടത്തുക.

6. **പത്രവായന**

വിവിധ പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കൽ, പത്ര ക്വിസ്, വാർത്ത തയ്യാറാക്കൽ, പുതിയ അിറവ് കണ്ടെത്തൽ, പത്രം തയ്യാറാക്കൽ, സ്കൂൾ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് രസകരമായ രീതിയിൽ പത്രം തയ്യാറാക്കൽ.

7. **വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം**

വായന, എഴുത്ത് ഇവ മെച്ചപ്പെടുത്താൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ സ്വന്തം സൃഷ്ടികൾ പരിചയപ്പെടുത്താൻ അവസരം, വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ, രചയിതാക്കളെ പരിചയപ്പെടൽ, ദിനാചരണവുമായി ബന്ധപ്പെട്ട് സാഹിത്യകാരന്മാരുടെ ചിത്രം, ഡോക്യുമെന്ററി പ്രദർശനം.

8. **ഇ - വായന - സാധ്യത കണ്ടെത്തൽ**

വിക്കീപിഡിയ പരിചയപ്പെടുത്തൽ, വായനാക്കൂട്ടത്തിന്റെയും എഴുത്ത് കൂട്ടത്തിന്റേയും നേതൃത്വത്തിൽ ബ്ലോഗ് രൂപീകരണം വിവിധ കൃതികൾ, കവിത എന്നിവ വീഡിയോ കാണൽ.

9. **ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനങ്ങൾ**

BRC, IED Teachersഎന്നിവരുടെ സഹായത്തോടെ ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനം ആസൂത്രണം, നടപ്പിലാക്കൽ, പ്രഗത്ഭരുടെ സേവനം ഉപയോഗിക്കൽ.

10. **പാട്ടരങ്ങ്**

ഒന്ന്, രണ്ട് ക്ലാസുകളിൽ വിവിധ കുട്ടിക്കവിതകൾ ഉൾപ്പെടുത്തി താളം,ഈണം എന്നിവ കണ്ടെത്തി എല്ലാ കുട്ടികളേയും പങ്കെടുപ്പിച്ചു കൊണ്ട് നടത്തുന്നു.

11. <u>കാവ്യോത്സവം</u>

മൂന്ന്, നാല് ക്ലാസുകളിൽ വിവിധ പാട്ടുകൾ, കവിതകൾ ശേഖരിച്ച് ഈണം കണ്ടെത്തി താളമേളത്തോടെ അവതരിപ്പിക്കുന്നു.

12. <u>സചിത്ര ബുക്ക്</u>

ഒന്ന്, രണ്ട് ക്ലാസുകളിൽ വിവിധചിത്രങ്ങൾ ഉൾപ്പെടുത്തി സചിത്ര രൂപത്തിലാക്കി ചെയ്യുന്നു.

13. <u>സംയുക്ത ഡയറി</u>

ഒന്ന്, രണ്ട് ക്ലാസുകളിൽ കുട്ടികൾ രക്ഷിതാവിന്റെ/അധ്യാപികയുടെ സഹായത്തോടെ ദൈനംദിന അനുഭവങ്ങളെ ആത്മാംശം ഉൾക്കൊണ്ട് എഴുതുന്നതിന് കഴിയുന്നു. കുട്ടിയെ സർഗാത്മക രചനയിലേക്ക് നയിക്കുന്നതിൽ സംയുക്ത ഡയറി വളരെ സ്വാധീനം ചെലുത്തുന്നു.

14. <u>സർഗാത്മക ഡയറി</u>

മൂന്ന്, നാല് ക്ലാസുകളിൽ കുട്ടികളെ സർഗാത്മക രചനയിലേക്ക് നയിക്കുന്നു.

15. <u>റീഡേഴ്സ് തീയേറ്റർ</u>

ലഘു വിവരണങ്ങൾ, കഥകൾ, കുട്ടിക്കവിതകൾ, സംഭാഷണം തുടങ്ങിയവ ഭാവാത്മകമായി ആശയം ഉൾക്കൊണ്ട് വായിക്കാൻ കഴിയുന്നവരാകണം. തുടക്ക വായനക്കാർ എന്ന നിലയിൽ ഭാവാത്മക വായനക്കും ശ്രാവ്യ വായനയ്ക്കും ഏറെ സാധ്യതയുള്ള ഒരു സങ്കേതമാണ് റീഡേഴ്സ് തീയേറ്റർ.

## ➢ ക്ലാസ് പത്രം

ഭാഷാപഠനവുമായി ബന്ധപ്പെട്ട ഒരു പഠന തന്ത്രമാണ് ക്ലാസ്സ്പത്രം. ഓരോ കുട്ടിയേയും തങ്ങൾ കണ്ടതോ കേട്ടതോ ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും പ്രാപ്തരാക്കുന്നതിന് ക്ലാസ്സ് പത്രം സഹായിക്കുന്നു.

## ➢ വായനക്കൂട് ഒരുക്കൽ

എല്ലാ കുട്ടികളുടെയും വീട്ടിൽ ലൈബ്രറി ഒരുക്കും. വീട്ടിലെ ലൈബ്രറിയിൽ പുസ്തകം ശേഖരിക്കുന്നതിനുള്ള വിവിധ മാർഗങ്ങൾ ക്ലാസ് പി ടി എയിൽ പങ്കുവയ്ക്കുന്നു. എല്ലാ കുട്ടികളും വീട്ടിലൊരു ലൈബ്രറി സജ്ജീകരിക്കുന്നു.

## ➢ രചനാപരിചയക്കുറിപ്പ്

ഒരു രചനയുടെ വായന പൂർണ്ണമാവുന്നത് അതിനോട് പലമട്ടിൽ പ്രതികരിക്കുമ്പോഴാണ്. അത്തരത്തിലുള്ള പല പ്രതികരണ രൂപങ്ങളിൽ ഒന്നാണ് രചനാപരിചയക്കുറിപ്പ്. ക്ലാസ് ലൈബ്രറിയിൽ നേരത്തെതന്നെ തയ്യാറാക്കി വച്ചിട്ടുള്ള പുസ്തകങ്ങൾ തെരഞ്ഞെടുത്ത് സ്വതന്ത്രവായന. തുടർന്ന് വായിച്ച കൃതിയെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുന്നു. കൃതി വായിക്കാൻ പ്രേരിപ്പിക്കലാണ് രചനാപരിചയക്കുറിപ്പിന്റെ ലക്ഷ്യം.

# ACADEMIC PLAN – ENGLISH

## AIMS

- To obtain the ability to speak, read and write English easily.
- To develop the writing skill of students.
- To encourage the students to write composition works in English.
- Give chance to listen and enjoy English language.
- To enrich English reading.
- English Club activities.
- Provide reading materials in classrooms.
- Vocabulary building.
- Enhancement of listening and speaking.
- Improve the conversation skill.

| Sl. No. | Aim/Programme | Activities | Duration | Agency | |
|---|---|---|---|---|---|
| 1. | To obtain the ability to Speak, read and write English easily. | English Assembly All activities in English. Online News, reading | 1 year | | |
| 2. | To develop the writing skill of Students. | Diary Writing | 1 year | | |
| 3. | To encourage the Students to write Composition works in English. | English Magazine News Paper. | 1 year | English Club | |
| 4. | Give chance to listen and enjoy English language | Movie Time | 1 year | English Club | |
| 5. | To enrich English reading | Corner libraries for English | June - March | Class Tr's duty | |
| 6. | English Club activities | Games, Imp day's Posters, Skit, Script writing, role-play | 1 year | English club | |
| 7. | Provide reading Materials in Class rooms | Work shop | June - July | SRG, SSG | PTA |
| 8. | Vocabulary building | Word of the day | 1 year | | |

| Sl. No. | Aim/Programme | Activities | Duration | Agency | |
|---|---|---|---|---|---|
| 9. | Enhancement of listening and speaking | Language Lab | 1 year | | |
| 10. | Improve the conversation skill | Talk time | 1 year | | |
| 11. | To give chance to listen and read stories | Story time | 1 year | Class Tr. | |
| 12. | Give chance to present songs, skit etc. in English | Rhythm Radio Programme | 1 year | SRG | |
| 13. | Readers Theatre | | 1 year | Class Tr. | |

**<u>Activity - 1, English Assembly</u>**

Conducting English assembly for class 3 and 4 on the first term and for class 1 and 2 on the second term, so as to give opportunity to all students, there by ensuring two days in a week. Prayer, pledge, news reading, thoughts for the day, riddles, quotes etc. are performed in English.

**<u>Activity - 2, English Diary</u>**

Students of classes 3 and 4 can prepare diary from the beginning of the academic year and students of class one and 2 from the second term. They can briefly write their experiences in the school and the house and can present it in the class. Tr will check the diary and make correction and additions.

**Activity – 3 English Magazine**

Prepare English Magazine and News Papers as part of the activities of the English Club, held once in a week. Programmes like Script writing, Poetry writing, Writing the description, Short notes etc. can be prepared by the students. English club will prepare the English Magazine during two months by selecting the best-output from the classroom activity. Based on these activities, the School News Paper shall also be prepared by the English Club.

**Activity - 4, Movie Time**

English movies and documentaries can be exhibited twice in a month based on the standard of each classes.

**Activity - 5, Comer Libraries**

Comer libraries exclusively for English books will be arranged for the students, so as to ensure the reading opportunities for each and every students.

**Activity - 6, English Club**

English club shall be formed by selecting students from all classes to encourage their English communication skill and reading skills. Programmes like preparing skits, English magazine, English games, poster making, movie time and English Day Celebrations etc will be planned and performed by the club.

**Activity – 7 Work shop**

**Activity - 8, Word of the day**

This activity help the students to learn a new word and its meaning daily. Each student is assigned to write a new word and its meaning on display board and thereby every students get a chance to familiarize with vocabulary.

**Activity - 9, Language Lab**

Language Lab helps to enhance the listening and speaking capacity of students. Give them opportunities to listen stories, conversations, speech etc. via headphones, and thereby improve the vocabulary with proper and correct pronounciation of the word.

**Activity – 10, Talk time**

It meant to improve the speaking skill and vocabulary. Every student in the school get the chance to improve their speaking skill, start from simple conversations and develop their ability to speak.

**Activity - 11, Story time (E cube)**

It meant to improve the listening and reading skill of the Students. Give them opportunities to listen stories, and thereby

improve the vocabulary with proper and correct pronunciation of the word. Also give them chance to read the story.

**Activity - 12, Rhythm Radio Programme**

Conducing school radio programme in English once in a month.

**Activity - 13, Readers Theatre**

**Online News Reading**

Provide opportunity for students of classes 3 and 4 on online news reading once in a month. News and other related matters can be presented through lap top with the help of IT Co-ordinator, on the same day.

# അക്കാദമിക പ്ലാൻ ഗണിതം - LP

## ആമുഖം

നിത്യജീവിതത്തിൽ ഗണിതത്തിന് വളരെയധികം പ്രാധാന്യമുണ്ട്. ഗണിതത്തിൽ കുട്ടികൾക്ക് താൽപര്യം വർദ്ധിപ്പിക്കാനും പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുന്നിലെത്തിക്കാനും ഉതകുന്ന പ്രവർത്തനങ്ങളാണ് ഈ അക്കാദമിക പ്ലാനിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

## ലക്ഷ്യങ്ങൾ

- വിദ്യാലയത്തിൽ ഗണിതാന്തരീക്ഷം ഒരുക്കൽ
- അടിസ്ഥാന ഗണിതശേഷികൾ ഉറപ്പിക്കൽ
- ഗണിതത്തെ ദൈനംദിന ജീവിതവുമായി ബന്ധപ്പെടുത്തൽ
- ഗണിതത്തിൽ അഭിരുചി വളർത്തൽ

# അക്കാദമിക പ്ലാൻ - ഗണിതം

| ക്രമ നം. | പ്രോഗ്രാം/ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | ഭൗതികം |
|---|---|---|---|---|
| 1. | ഗണിതാന്തരീക്ഷം ഒരുക്കൽ | • എന്റെ പൊക്കം എന്റെ ഭാരം<br>• ഗണിതപാർക്ക്<br>• ചുവരുകളിൽ, തൂണുകളിൽ രൂപങ്ങൾ, ഗണിതാശയങ്ങൾ രേഖപ്പെടുത്തൽ | SMC<br>HM<br><br>Corperation<br>SMC<br>HM | Weighing Machine |
| 2. | അടിസ്ഥാന ഗണിതശേഷികൾ ഉറപ്പിക്കൽ | • ക്ലാസ് തല ഗണിത ലാബ് ഒരുക്കൽ (ശില്പശാല)<br>• ഉല്ലാസ ഗണിതം, ഗണിത വിജയം പ്രവർത്തനങ്ങൾ<br>• ഗണിത പൂക്കളം, തോരണം നിർമ്മാണം | SRG<br>SMC<br>CPTA<br>Trs<br><br>CPTA<br>Trs | അബാക്കസ്<br>മുത്തുകൾ<br>ടോക്കണുകൾ<br><br>ചാർട്ട് |
| 3. | ഗണിതത്തെ ദൈനംദിന ജീവിതവുമായി ബന്ധപ്പെടുത്തൽ | • ഓണസ്റ്റി ഷോപ്പ് | ഗണിത ക്ലബ്<br>HM | പഠന സാമഗ്രികൾ രജിസ്റ്റർ |
| 4. | ഗണിതാസ്വാദനം | • ലിറ്റിൽ മാസ്റ്റർ<br>• ഗണിത മാഗസിൻ | ഗണിത ക്ലബ് | |

# അക്കാദമിക പ്ലാൻ - ഗണിതം

| ക്രമ നം. | പ്രോഗ്രാം/ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | ഭൗതികം |
|---|---|---|---|---|
| 1. | ഗണിതാന്തരീക്ഷം ഒരുക്കൽ | • എന്റെ പൊക്കം എന്റെ ഭാരം<br>• ഗണിതപാർക്ക്<br>• ചുവരുകളിൽ, തൂണുകളിൽ രൂപങ്ങൾ, ഗണിതാശയങ്ങൾ രേഖപ്പെടുത്തൽ | SMC<br>HM<br><br>Corperation<br>SMC<br>HM | Weighing Machine |
| 2. | അടിസ്ഥാന ഗണിത ശേഷികൾ ഉറപ്പിക്കൽ | • ക്ലാസ് തല ഗണിത ലാബ് ഒരുക്കൽ (ശില്പശാല)<br>• ഉല്ലാസ ഗണിതം, ഗണിത വിജയം പ്രവർത്തനങ്ങൾ<br>• ഗണിത പൂക്കളം, തോരണം നിർമ്മാണം | SRG<br>SMC<br>CPTA<br>Trs<br><br>CPTA<br>Trs | അബാക്കസ് മുത്തുകൾ ടോക്കണുകൾ<br><br>ചാർട്ട് |
| 3. | ഗണിതത്തെ ദൈനം ദിന ജീവിതവുമായി ബന്ധപ്പെടുത്തൽ | • ഓണസ്സി ഷോപ്പ് | ഗണിത ക്ലബ്<br>HM | പാഠ സാമഗ്രികൾ രജിസ്റ്റർ |
| 4. | ഗണിതാസ്വാദനം | • ലിറ്റിൽ മാസ്റ്റർ<br>• ഗണിത മാഗസിൻ | ഗണിത ക്ലബ് | |

1. **എന്റെ പൊക്കം എന്റെ ഭാരം**

ഓരോ ക്ലാസിലേയും കുട്ടികൾക്ക് അവരുടേതായ ഉയരവും ഭാരവും കണ്ടെത്തുന്നതിന് അനുയോജ്യമായ സ്ഥലത്ത് ഉയരച്ചാർട്ട് ചുവരിൽ വരയ്ക്കുകയും ഭാരം കണ്ടെത്തുന്നതിന് ത്രാസ് (Weighing Machine) സ്ഥാപിക്കുകയും ചെയ്യുന്നു.

2. **ഗണിതപാർക്ക്**

ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കുന്നു. വിദ്യാലയത്തിന്റെ ചുവരുകളിലും, തൂണുകളിലും സംഖ്യകൾ, ഗുണന വസ്തുതകൾ/പാറ്റേണുകൾ എന്നിവ തയ്യാറാക്കുന്നു.

3. **ക്ലാസ് തല ഗണിതലാബ് ഒരുക്കൽ**

ഒരേ ക്ലാസിലേയ്ക്കും ഒരേ സമയം 5 ഗ്രൂപ്പു പ്രവർത്തനങ്ങൾക്കാവശ്യമായ പഠനസാമഗ്രികൾ ഒരു മുറിയിൽ ക്രമീകരിക്കുന്നു. ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സ്ഥലവും അവിടെ ഉണ്ടായിരിക്കണം. സാമഗ്രികളുടെ നിർമ്മാണത്തിനായി ശില്പശാല സംഘടിപ്പിക്കുന്നു.

4. **ഉല്ലാസ ഗണിതം, ഗണിത വിജയം**

ഓരോ ക്ലാസുകളിലും ഗണിത പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തി സഹായിക്കുവാനും കുട്ടികൾക്ക് ഗണിത പഠനത്തിൽ താൽപര്യം വർദ്ധിക്കുന്നതിനും, ഭിന്നശേഷിക്കാർക്ക് കൂടുതൽ പ്രാധാന്യം നൽകുവാനും ഓരോ കുട്ടിയുടെയും പങ്കാളിത്തം ഉറപ്പുവരുത്തുവാനും ഇതിലൂടെ കഴിയുന്നു.

5. ഗണിത പൂക്കളം, തോരണം നിർമ്മാണം

ദിനാഘോഷങ്ങളിൽ ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് പൂക്കളം, ആശംസാക്കാർഡുകൾ, അലങ്കാര വസ്തുക്കൾ എന്നിവ നിർമ്മിക്കുന്നു.

6. ഓണസ്റ്റി ഷോപ്പ്

സ്കൂൾ തലത്തിൽ ഒരു പ്രത്യേക സ്ഥലത്ത് ഓണസ്റ്റി ഷോപ്പ് സ്ഥാപിക്കുന്നു. ഈ ഷോപ്പിന്റെ ചുമതല കുട്ടികൾക്ക് തന്നെയാണ്. ഇതിലൂടെ കുട്ടികൾക്ക് നാണയങ്ങൾ,നോട്ടുകൾ ഇവയുടെ വിനിമയം മനസിലാക്കാൻ കഴിയുന്നു.

7. ലിറ്റിൽ മാസ്റ്റർ

കുസൃതി കണക്കുകൾ, പസിലുകൾ, മനക്കണക്കുകൾ ഇവ അസംബ്ലിയിൽ കുട്ടികളുമായി പങ്കുവെയ്ക്കുന്നു. അറിയാത്തവ കുട്ടികൾ കണ്ടെത്തി അടുത്ത ദിവസം ഉത്തരപ്പെട്ടിയിൽ നിക്ഷേപിക്കാൻ അവസരം നൽകുന്നു. ഇങ്ങനെ ക്ലാസ് തല ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുകയും കൂടുതൽ പോയിന്റ് നേടുന്ന കുട്ടികളെ കണ്ടെത്തി ക്ലാസ് തല സ്കൂൾ തല ലിറ്റിൽ മാസ്റ്റേഴ്സ് ആയി പ്രഖ്യാപിക്കുകയും ചെയ്യുന്നു.

8. ഗണിത മാഗസിൻ

ഓരോ ക്ലാസിലും ഗണിതപ്പാട്ടുകൾ, കുസൃതി കണക്കുകൾ, പാറ്റേണുകൾ, പസിലുകൾ, ജ്യാമിതീയ രൂപങ്ങൾ, ഗണിത ശാസ്ത്രജ്ഞൻമാരുടെ കണ്ടുപിടിത്തങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് മാസത്തിൽ ഒരു ഗണിത മാഗസിൻ തയ്യാറാക്കുന്നു.

## പരിസരപഠനം

പരിസ്ഥിതിയുമായി ഇണങ്ങി സ്കൂളും പരിസരവും ദശപുഷ്പ പാർക്കും ശലഭ പാർക്കും പരമാവധി പ്രയോജനപ്പെടുത്തി. പ്രകൃതിയോടു കൂടുതൽ ഇണങ്ങി പരിസരപഠനം കൂടുതൽ അർത്ഥവത്താക്കുക എന്ന ലക്ഷ്യത്തോടെയാണ് പരിസരപഠനം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്.

**ലക്ഷ്യങ്ങൾ**

- സസ്യങ്ങളുടെ പ്രയോജനങ്ങൾ തിരിച്ചറിയുന്നു.
- ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.
- പരിസ്ഥിതി സൗഹൃദ മനോഭാവവും സഹജീവി സ്നേഹവും വളർത്തുക.
- സയൻസ്ലാബ്പരിസരപഠനംപ്രവർത്തനങ്ങൾക്ക്അനുയോജ്യമായ രീതിയിൽ സജ്ജീകരിക്കൽ.
- കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തൽ
- ശാസ്ത്രജ്ഞന്മാരോട് ആദരവ് പുലർത്തുക.
- ശാരീരിക മാനസിക സാമൂഹ്യാരോഗ്യം കൈവരിക്കൽ.
- ശാസ്ത്ര കൗതുകം വളർത്താൻ ഉതകുംവിധം ശാസ്ത്ര പരീക്ഷണങ്ങളിൽ സ്വയം ഏർപ്പെടുകയും പരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുക.
- ശാസ്ത്ര പരീക്ഷണങ്ങൾ സ്വതന്ത്രമായി കൈകാര്യം ചെയ്യുന്നതിന് ക്ലാസുകളിൽ ശാസ്ത്രമൂല തയ്യാറാക്കുക.

- പ്രകൃതിയെ അറിയുന്നതിനായി പൂന്തോട്ട നിർമ്മാണം പച്ചക്കറി ത്തോട്ട പരിപാലനം, ഫീൽഡ് ട്രിപ്പ് ശുചീകരണ പ്രവർത്തന ങ്ങളിൽ ഏർപ്പെടൽ തുടങ്ങിയ പ്രവർത്തനങ്ങൾ
- പരീക്ഷണങ്ങളിലൂടെ ശാസ്ത്രഭിരുചി വളർത്തുന്നു.

| ക്രമ നം. | പ്രോഗ്രാം/ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1. | പരിസ്ഥിതി സൗഹൃദ മനോഭാവം വാർത്തു ന്നതിനും പ്രകൃതിയെ അറിഞ്ഞു വളരുന്ന തിനും പ്രാപ്തരാ ക്കുക.<br>പ്രകൃതിയെ അറിയൽ | ജൂൺ 5<br>• പരിസ്ഥിതി ദിനം<br>• വൃക്ഷ തൈകൾ കുട്ടികൾ വീട്ടിൽ നടുന്നു.<br>• സ്കൂൾ ജൈവ വൈവിധ്യ പാർക്കിന്റെ വിപുലീകരണം<br>• ഔഷധ സസ്യ ങ്ങൾ<br>• ദശപുഷ്പങ്ങൾ<br>• ബട്ടർ ഫ്ളൈ പാർക്ക്<br>• ഫീൽഡ് ട്രിപ്പുകൾ, കുളം, വയൽ, കാവുകൾ | ജൂൺ മുതൽ മാർച്ച് വരെ | Science Club<br>Eco Club<br>SRG |
| 2. | പരീക്ഷണങ്ങൾ<br>ശാസ്ത്ര കൗതുകം വളർത്താൻ ഉതകും വിധം ശാസ്ത്ര പരീ ക്ഷണങ്ങളിൽ സ്വയം ഏർപ്പെടുകയും പരീ ക്ഷണക്കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യൽ | • കുട്ടികളുടെ നില വാരത്തിലുള്ള പരീക്ഷണങ്ങൾ തെരഞ്ഞെടു ക്കുന്നു. പട്ടിക പ്പെടുത്തുന്നു.<br>• പരീക്ഷണങ്ങളെ ശാസ്ത്ര മാജിക്കു കളായി രൂപപ്പെടു ത്തുന്നു.<br>• പരീക്ഷണ സാമ ഗ്രികൾ വികസിപ്പി ക്കുന്നു.<br>• പരീക്ഷണങ്ങളി ലേർപ്പെടുന്നു.<br>• പരീക്ഷണക്കുറിപ്പു കൾ തയ്യാറാക്കുന്നു | | |

| | | | | |
|---|---|---|---|---|
| | | • കുട്ടികൾ, അധ്യാപകർ, വിദഗ്ധർ എന്നിവരെ ഉൾപ്പെടുത്തി ശില്പശാല സംഘടിപ്പിക്കുന്നു. | | |
| 3. | <u>ആരോഗ്യം സമ്പത്ത്</u><br>ആരോഗ്യ ശുചിത്വ ശീലങ്ങൾ വളർത്തുക. | • ക്ലാസിലൊരു ശുചിത്വ ചാർട്ട്<br>• ഹെൽത്ത് സ്റ്റാർ നൽകൽ<br>• ക്ലാസ്, സ്കൂൾ ശുചിത്വ പ്രവർത്തനങ്ങളിൽ പങ്കാളിത്തം<br>• ബോധവത്കരണ ക്ലാസുകൾ<br>• മെഡിക്കൽ ക്യാമ്പ്<br>• ലഘു വ്യായാമങ്ങൾ<br>• എയ്റോബിക്സ് | | |
| 4. | <u>ശാസ്ത്രദിനം</u><br>കുട്ടികളിൽ ശാസ്ത്രാ- വബോധം വളർത്തൽ ശാസ്ത്രജ്ഞന്മാരോട് ആദരവ് പുലർത്തുക. | • പ്രശസ്തരായ ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുന്നു.<br>• ICT<br>• ക്ലാസ് display boards കുട്ടികൾ തയ്യാറാക്കുന്ന വിവരങ്ങൾ പ്രദർശിപ്പിക്കുന്നു. (ശാസ്ത്രജ്ഞർ കണ്ടുപിടിത്തം)<br>• ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ<br>• സയൻസ് കോർണർ | | |

## ➢ പ്രകൃതിയെ അറിയാം

പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് സ്കൂളിൽ ദശപുഷ്പ പാർക്കും, ശലഭ പാർക്കും വിപുലീകരിക്കുന്നു. കുട്ടികളെ അതിന്റെ പരിപാലനത്തിന്റെ ചുമതല ഏൽപിക്കുന്നു. സ്കൂൾ ജൈവ വൈവിധ്യ പാർക്കിന്റെ വിപുലീകര ണം, ഔഷധ സസ്യങ്ങൾ പരിചയപ്പെടൽ. ഫീൽഡ് ട്രിപ്പ് നടത്തുന്നു. കുളം, കായൽ, വയൽ, കാവ് എന്നിവ സന്ദർശിക്കുന്നു. കൃഷി ഓഫീസുമായി ബന്ധപ്പെട്ട് കൃഷി പരിപോഷിപ്പിക്കുന്നു. കുട്ടികൾക്ക് ക്ലാസുകൾ നൽകുന്നു.

## ➢ പരീക്ഷണോത്സവം

ശാസ്ത്ര പരീക്ഷണങ്ങൾ കുട്ടികളുടെ ശാസ്ത്രീയപരമായ വളർച്ചയ്ക്ക് അനിവാര്യമാണ്. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുന്നതിനായി പരിസര പഠന പുസ്തകത്തിലെയും അല്ലാത്തതുമായ ലഘു പരീക്ഷണങ്ങൾ തീം അടിസ്ഥാനത്തിൽ ലിസ്റ്റ് ചെയ്യുന്നു. പ്രദർശിപ്പിക്കുന്നു. എല്ലാ കുട്ടികളും അസംബ്ലിയിൽ പരീക്ഷണങ്ങൾ അവതരിപ്പിക്കുന്നു. പരീക്ഷണക്കുറിപ്പുകൾ എഴുതി ക്ലാസ്സിൽ അവതരിപ്പിക്കുന്നു.

## ➢ ആരോഗ്യസമ്പത്ത്

സ്കൂളിലെ കായികാധ്യാപകന്റെ നേതൃത്വത്തിൽ ആഴ്ചതോറും കായിക പരിശീലനം നടത്തുന്നു. കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നു. യോഗദിനത്തോടനുബന്ധിച്ച് സ്കൂളിൽ യോഗപരിശീലനം, ലഘുവ്യായാമം എന്നിവ സംഘടിപ്പിക്കുന്നു. എയോറോബിക്സ് പരിശീലനം, എസ് എം സി, ആരോഗ്യ വകുപ്പ് എന്നിവരുടെ നേതൃത്വത്തിൽ ദന്ത പരിശോധന, വൈദ്യപരിശോധന, ബോധവത്കരണ ക്ലാസ്, ആരോഗ്യ വകുപ്പിന്റെ നിർദ്ദേശപ്രകാരമുള്ള വിര ഗുളിക, അയൺ ടാബ്ലെറ്റ് എന്നിവയും സമയാസമയങ്ങളിലുള്ള പ്രതിരോധ കുത്തിവയ്പും നൽകൽ എന്നിവയും നടത്തുന്നു.

## ശാസ്ത്രദിനം

പ്രശസ്തരായ ശാസ്ത്രജ്ഞൻമാരെ പരിചയപ്പെടുന്നതിനായി ICT സാധ്യത ഉപയോഗിക്കുന്നു. ശാസ്ത്രജ്ഞൻമാരുടെ ചിത്രങ്ങളും അവരെക്കുറിച്ചുള്ള ലഘുകുറിപ്പുകളും പ്രദർശിപ്പിക്കുന്നു. ഇപ്പോൾ ജീവിച്ചിരിക്കുന്ന ശാസ്ത്രജ്ഞന്മാരുമായുള്ള സംവദിക്കാനുള്ള അവസരം ഒരുക്കുന്നു.

## ഫീൽഡ് ട്രിപ്പ്

വിവിധ തൊഴിലുകൾ പരിചയപ്പെടുന്നതിനായി തൊഴിലിടങ്ങൾ സന്ദർശിക്കുന്നു. തപാൽദിനത്തിൽ പോസ്റ്റോഫീസ് സന്ദർശിച്ച് അവിടെയുള്ള ജീവനക്കാരെ പരിചയപ്പെടുന്നു. ഓരോരുത്തരും ചെയ്യുന്ന സേവനങ്ങൾ എന്തൊക്കെയെന്ന് മനസിലാക്കി കുറിപ്പ് എഴുതി ക്ലാസിൽ അവതരിപ്പിക്കുന്നു പോലീസ് സ്റ്റേഷൻ സന്ദർശി ക്കുന്നു.

# കലാപഠനം

## ലക്ഷ്യങ്ങൾ

- കുട്ടികളിൽ ആലാപനശേഷി വികസിപ്പിക്കൽ
- അഭിനയശേഷി വളർത്തുന്നതിന്
- ചിത്രരചനാശേഷി വികസിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|
| • കുട്ടികളിൽ ആലാപനശേഷി വികസിപ്പിക്കൽ | • നാടൻ പാട്ടുകൾ<br>• കൃഷിപ്പാട്ടുകൾ<br>• മപ്പാട്ടുകൾ<br>• ഓണപ്പാട്ടുകൾ<br>• ദേശഭക്തി ഗാനങ്ങൾ<br>• കവിതകൾ<br>• ലളിതഗാനങ്ങൾ | വർഷം മുഴുവൻ | വിദ്യാരംഗം ക്ലബ്ബ്<br>ടാലന്റ് ലാബ്<br>RT<br>CT | BRC |
| • അഭിനയശേഷി വളർത്തുന്നതിന് | • അഭിനയക്കളരി<br>• പാവനാടകം<br>• റോൾപ്ലേ<br>• നാടകം | വർഷം മുഴുവൻ | ടാലന്റ് ലാബ്<br>വിദ്യാരംഗം<br>RT, CT | BRC |
| • ചിത്രരചനാ ശേഷി വികസിപ്പിക്കൽ | • പെൻസിൽ ഡ്രോയിംഗ്<br>• വാട്ടർ കളർ പെയിന്റിംഗ് | വർഷം മുഴുവൻ | ടാലന്റ് ലാബ്<br>RT, CT | |

## കലാപഠനം - പ്രവർത്തനങ്ങൾ

➢ **ചൊല്ലി രസിക്കാം**

പഠന പ്രവർത്തനങ്ങൾ, ദിനാഘോഷങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട കവിതകൾ, നാടൻപ്പാട്ടുകൾ, കൃഷിപ്പാട്ടുകൾ, മഴപ്പാട്ടുകൾ, ഓണപ്പാട്ടുകൾ, ദേശഭക്തി ഗാനങ്ങൾ, ലളിതഗാനങ്ങൾ എന്നിവ സംഘമായും വ്യക്തിഗതമായും പാടുന്നു.

- ജൂൺ - മഴപ്പാട്ട്, പരിസ്ഥിതി ഗാനങ്ങൾ
- ജൂലൈ - ചന്ദ്രനെക്കുറിച്ചുള്ള കവിതകൾ
- ആഗസ്റ്റ് - ദേശഭക്തിഗാനങ്ങൾ
- സെപ്റ്റംബർ - ഓണപ്പാട്ടുകൾ, നാടൻപാട്ടുകൾ
- ഒക്ടോബർ - ഗാന്ധിപ്പാട്ടുകൾ , കൃഷിപ്പാട്ടുകൾ
- നവംബർ - ശിശുദിന ഗാനങ്ങൾ
- ഡിസംബർ - ക്രിസ്തുമസ് ഗാനങ്ങൾ
- ജനുവരി - പൂക്കൾ, പൂമ്പാറ്റകൾ, കവിത
- ഫെബ്രുവരി - ഉത്സവപ്പാട്ടുകൾ
- മാർച്ച് - സ്കൂൾ വാർഷികത്തിൽ മെച്ചപ്പെട്ടവയുടെ അവതരണം

**അഭിനയക്കളരി :-**

വിവിധ ക്ലാസിലെ കുട്ടികളെ ഗ്രൂപ്പാക്കുന്നു. കഥാസന്ദർഭങ്ങൾ, പാഠഭാഗത്തിലെ രസകരമായ സന്ദർഭങ്ങൾ എന്നിവ അഭിനയിക്കുന്ന തിനുള്ള പരിശീലനം നൽകുന്നു. മുഖം മൂടികൾ ഉപയോഗിച്ചുള്ള അഭിനയം, പാവനാടകം, മൈമ്മിംഗ്, റോൾ പ്ലേ എന്നിവ അനു യോജ്യമായി നൽകുന്നു. ബാലസഭകളിൽ, സ്കൂൾ വാർഷികത്തിൽ അവതരിപ്പിക്കുന്നു.

**ചിത്രരചന :-**

വിവിധ സന്ദർഭങ്ങൾ ചിത്ര രചനയ്ക്കായി നൽകുന്നു. കുട്ടിക ളുടെ രചനകൾ ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും പ്രദർശിപ്പി ക്കുന്നു. ചിത്രശേഖരണങ്ങൾ ചേർത്ത് പതിപ്പ് തയ്യാറാക്കുന്നു.

## പ്രവൃത്തി പരിചയം

**ലക്ഷ്യങ്ങൾ**

- പാഴ്‌വസ്തുക്കളിൽ നിന്ന് ഉപയോഗപ്രദമായ വസ്തുക്കൾ നിർമ്മിക്കുന്നു.
- കൗതുക വസ്തുക്കൾ നിർമ്മിക്കുന്നു.
- ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- ശുചീകരണവുമായി ബന്ധപ്പെട്ട വസ്തുക്കൾ നിർമ്മിക്കുന്നു.
- അലങ്കാരവസ്തുക്കൾ നിർമ്മിക്കുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|
| പാഴ്‌വസ്തുക്കളിൽ നിന്ന് ഉപയോഗപ്രദ മായ വസ്തുക്കൾ നിർമ്മിക്കുന്നു. | • കവർ/പേപ്പർ ബാഗ് എന്നിവ നിർമ്മിക്കുന്നു.<br>• ഈർക്കിൽ ഉപ യോഗിച്ച് ചൂൽ നിർമ്മാണം.<br>• പൊടിത്തട്ടി നിർമ്മാണം | വർഷം മുഴുവൻ | പ്രവൃത്തി പരിചയ അധ്യാപിക | BRC |
| കൗതുക വസ്തുക്കൾ നിർമിക്കുന്നു. | • കടലാസ് കൊണ്ടുള്ള പൂക്കൾ<br>• തുണികൊ ണ്ടുള്ള പൂക്കൾ<br>• തീപ്പെട്ടിക്കോലു കൾ ഉപയോഗി ച്ചുള്ള രൂപങ്ങൾ<br>• മണൽച്ചിത്രങ്ങൾ<br>• വെജിറ്റബിൾ പ്രിന്റിംഗ്<br>• കളിപ്പാട്ട നിർമ്മാണം (വാഹനം, ചെണ്ട---) | വർഷം മുഴുവൻ | RT<br>CT | BRC |
| ശുചീകരണ വസ്തു ക്കൾ നിർമാണം | • ആഴ്ചയിൽ ഒരിക്കൽ ശുചീ കരണ പ്രവർത്തനം നടത്തുന്നു.<br>• ലോഷൻ നിർമാണം<br>• സോപ്പ് നിർമാണം | വർഷം മുഴുവൻ | | |

| | | | | |
|---|---|---|---|---|
| അലങ്കാര വസ്തു ക്കൾ നിർമിക്കുന്നു. | തോരണങ്ങൾ, ഡോർ കർട്ടൺ നിർമാണം, wall hanging, പൂക്കുട നിർമ്മാണം, മോഡൽസ് നിർമ്മാണം, (വീട്, പൊതുസ്ഥാപന ങ്ങൾ------) ഒറിഗാമി രൂപങ്ങൾ നിർമിക്കുന്നു. (വള്ളം, വീട്, പൂച്ച --------) | | | |

# കായികപഠനം

ഒരു വ്യക്തിയുടെ വികസന പ്രക്രിയയിൽ ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് അതുല്യമായ സ്ഥാനമാണുള്ളത്. കുട്ടിയുടെ ശാരീരിക മാനസിക സാമൂഹിക വൈകാരിക വികസനത്തിന് കായിക വിദ്യാഭ്യാസവും യോഗാചര്യകളും ചെയ്യുന്നതിന് അവസരം ഒരുക്കുന്നു.

## ലക്ഷ്യങ്ങൾ

- ❖ പ്രകടന സംബന്ധിയായ കായിക ക്ഷമത ഘടകങ്ങളുടെ മെച്ചപ്പെടുത്തൽ.
- ❖ യോഗപരിശീലനത്തിലൂടെ ശാരീരിക മാനസിക ക്ഷമത കൈവരിക്കുന്നു.
- ❖ വിവിധ മൈനർ ഗെയിമുകളിലൂടെ അന്യം നിന്ന് പോയ നാടൻ കളികൾ പരിചയപ്പെടുത്തുന്നു.
- ❖ നേതൃപാടവം, സംഘബോധം എന്നിവ വളർത്തുന്നു.
- ❖ ശാരീരിക മാനസിക സമ്മർദ്ദം കുറയ്ക്കാൻ സഹായിക്കുക.
- ❖ വിവിധ ഗെയിമുകളിലൂടെ നാഡിപേശീ സംയോജനം സാധ്യമാക്കുന്നു.
- ❖ ശാരീരികാരോഗ്യം, മാനസികാരോഗ്യം എന്നിവ കൈവരിക്കുന്നു.
- ❖ കിഡ്സ് അത്‌ലറ്റിക്സിലൂടെ അടിസ്ഥാന കായിക നൈപുണികൾ മെച്ചപ്പെടുത്തുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|
| വിവിധ മൈനർ ഗെയിമുകളിലൂടെ അന്യം നിന്നുപോയ നാടൻ കളികൾ പരിചയപ്പെടുത്തുന്നു. | ക്ലാസ് നിലവാരത്തിനനുസരിച്ച് തെരഞ്ഞെടുത്ത ചില മൈനർ ഗെയിമുകളുടെ അവതരണം. | വർഷം മുഴുവൻ | PET<br>CT | BRC |
| അടിസ്ഥാന ചലനങ്ങൾ മനസിലാക്കുന്നതിന് | • വിവിധ അടിസ്ഥാന ചലനങ്ങളുടെ പരിശീലനം Walking, Jugging, Running, Jumping<br>• വിവിധ ചലനങ്ങളുടെ വീഡിയോ പ്രദർശനം | ജൂലൈ ആഗസ്റ്റ് | PET | |
| • ഏകോപനം കായിക ക്ഷമത സഹകരണ മനോഭാവം എന്നിവ വളർത്തുന്നതിന്<br>• മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിന് | • വിവിധ കോ-ഓഡിനേറ്റർ ആക്ടിവിറ്റിസ് പരിശീലിപ്പിക്കുന്നു. | ഒക്ടോബർ ഫെബ്രുവരി | PET | |